ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സ്കൂളുകളിൽ, 1997 മുതൽ എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വന്ന ഊർജ്ജ സംരക്ഷണ ക്ലബ്ബ് പരിപാടി, 2013-14 അദ്ധ്യയനവർഷം മുതൽ സ്മാർട്ട് എനർജി പ്രോഗ്രാം എന്ന പേരിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കുട്ടികൾക്കിടയിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുക, പുതുതലമുറയെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിപ്പിക്കുക, പുതുതായി കണ്ടുപിടിക്കപ്പെട്ട ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ പ്രചരിപ്പിക്കുക, കുട്ടികൾക്കിടയിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ഇ.എം.സി.-യുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ കോ-ഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഓരോ ജോയിന്റ് കോ-ഓർഡിനേറ്റർമാരും പ്രവൃത്തിക്കുന്നു. BEE (ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി)-യുടെ സഹായത്തോടുകൂടി SEP-യുടെ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, പ്രൈവറ്റ് സ്കൂളുകൾക്കും സ്മാർട്ട് എനർജി പ്രോഗ്രാമിൽ അംഗമാകാവുന്നതാണ്.

നാദാപുരം ചാത്തൻകോട്ട നട ചെറുകിട ജലവൈദ്യുത പദ്ധതി

50 (435) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചാത്തൻകോട്ടനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന അനാവശ്യ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പദ്ധതി കമ്മിഷൻ ചെയ്യാൻ കാലതാമസം നേരിടുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഉള്ള അടങ്കൽ തുകയും നിലവിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ അടങ്കൽ തുകയും തമ്മിലുള്ള അന്തരം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ സംസ്ഥാന് സർക്കാരിന് ഭീമമായ നഷ്ടം വരുത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലെ തടസ്സങ്ങൾ ദൂരീകരിച്ച് പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചാത്തൻകോട്ടുനട രണ്ടാംഘട്ടം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 2010-ൽ ആരംഭിച്ചുവെങ്കിലും പദ്ധതിക്കാവശ്യമായ സ്വകാര്യഭൂമിയുടെ 32% നിർബന്ധിത അക്വിസിഷൻ വഴി കൈമാറിക്കിട്ടുന്നതിനുണ്ടായ കാലതാമസവും തുടർന്നുള്ള കരാറുകാരുടെ ആസ്തുത്രണ പിഴവുകളും സാമ്പത്തിക പ്രതിസന്ധിയും തൊഴിലാളി ക്ഷാമവുംമൂലം പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടുന്നുണ്ട്.

(ബി) ഉണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതുകൊണ്ടുള്ള ഉത്പാദന നഷ്ടം യൂണിറ്റിന് 3 രൂപ നിരക്കിൽ ഉദ്ദേശം 17.71 കോടി രൂപയാണ്.

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചപ്പോൾ ഉള്ള അടങ്കൽ തുക 2009-ലെ വിലനിലവാരം അനുസരിച്ച് 45.36 കോടി രൂപയായിരുന്നു. 2015-ലെ സി.പി.ഡബ്ല്യു.ഡി. നിരക്കനുസരിച്ച് ശേഷിച്ച ജോലികൾ ചെയ്തു തീർക്കുന്നതിന് ഉദ്ദേശം 45 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ഇപ്പോഴത്തെ കരാർ അവസാനിപ്പിക്കുന്നതിനും ബാക്കിയുള്ള ജോലികൾ പുതുതായി ടെൻഡർ ചെയ്യുന്നതിനുമുള്ള അനുവാദത്തിനായി അപേക്ഷിച്ചുകൊണ്ടുള്ള കത്ത് കെ.എസ്.ഇ.ബി.-യിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) നിലവിലെ തടസ്സങ്ങൾ ദൂരീകരിച്ച് പുതിയ കരാർ നൽകിക്കഴിഞ്ഞാൽ ഉദ്ദേശം 15 മാസത്തിനകം പദ്ധതി കമ്മിഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വട്ടോളി കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ്

51 (436) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഴക്കോത്ത് പഞ്ചായത്തിലെ എളേറ്റിൽ വട്ടോളിയിൽ പ്രവൃത്തിക്കുന്ന കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ്, സെക്ഷൻ ഓഫീസായി ഉയർത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly